## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3930 — 16.05.2017 ൽ മറുപടിയ്ക്ക്

## മാരകമായ കീടനാശിനി കലർന്ന ജൈവവളം

| ചോദ്യം<br>ശ്രീ. ഇ.കെ. വിജയൻ | ഉത്തരം<br>ശ്രീ. വി.എസ് സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) വിഷരഹിതമെന്ന പേരിൽ വില്പന നടത്തുന്ന ജൈവ വളത്തിൽ മാരകമായ കീടനാശിനികൾ കലർത്തുന്നതായ വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) യും (ബി) യും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) വേപ്പെണ്ണയിൽ മാരകമായ വിഷം കലർത്തി ജൈവ വളമെന്നു പത്ര പരസ്യം നൽകി കർഷകരെ വഞ്ചിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | |
| (സി) ഇത് തടയാൻ എന്തൊക്കെ നിയമങ്ങൾ ആണ് നിലവിലുള്ളതെന്നു വിശദമാക്കാമോ? | (സി) ജൈവ ഉൽപന്നങ്ങളിൽ ഗുണനിലവാരമില്ലായ്മയോ മായം ചേർക്കലോ ശ്രദ്ധയിൽ പ്പെട്ടാൽ ബന്ധപ്പെട്ട ഉല്പാദകർക്കെതിരെ ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985, ഇൻസെക്ടിസൈഡ്സ് ആക്ട് 1968 എന്നിവ പ്രകാരം കർശനമായ നടപടികൾ സ്വീകരിക്കാൻ വ്യവസ്ഥയുണ്ട്. എന്നാൽ അംഗീകൃത ജൈവവളങ്ങൾക്കും ജൈവകീടനാശിനികൾക്കും മാത്രമാണ് ഗുണപരിശോധന നിലവിൽ സാധ്യമായിട്ടുള്ളത്. ജൈവവളം/ജൈവ കീടനാശിനി എന്ന പേരിൽ അംഗീകാരമില്ലാത്ത ഉല്പന്നങ്ങൾ വിപണിയിൽ എത്തുന്ന സാഹചര്യത്തിൽ അവയിൽ മാരക കീടനാശിനികളോ രാസവസ്തുക്കളോ അടങ്ങിയിട്ടുണ്ടോ എന്നു പരിശോധിക്കാനുള്ള സൗകര്യം സംസ്ഥാനത്തു തന്നെ ഒരുക്കുന്നതിനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്. ഇത്തരം ഉല്പന്നങ്ങളിൽ രാസകീടനാശിനികളുടെ സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടാൽ നിയമാനുസൃതം രജിസ്റ്റർ ചെയ്യാതെയും ലൈസൻസ് നേടാതെയും കീടനാശിനികൾ വിപണനം ചെയ്യുന്നതിനെതിരെ ഇൻസെക്ടിസൈഡ് ആക്ട് 1968 പ്രകാരം കർശന നിയമനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ